പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 1457 06/03/2017-ൽ മറുപടിക്ക്

പി.എം.കെ.എസ്.വൈ

ചോദ്യം

ശ്രീ. കെ. കൃഷ്ണൻ കുട്ടി

ഉത്തരം

ശ്രീ. വി.എസ് .സുനിൽ കുമാർ
(ബഹു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2016-17 വർഷത്തിൽ പി.എം.കെ. എസ്.വൈ പ്രകാരം സംസ്ഥാനത്തിന് കേന്ദ്രസർക്കാർ അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ; | എ) | പി.എം.കെ.എസ്.വൈ പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ സംസ്ഥാന കൃഷി വകുപ്പിന് 23 കോടി രൂപയും ഗ്രാമവികസന വകുപ്പിന് 11 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) | ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുവാൻ കേന്ദ്ര സർക്കാർ അനുവദിച്ച തുക പൂർണ്ണമായും ചെലവാക്കിയിട്ടുണ്ടോ; | ബി) | ഇല്ല.<br>ജില്ലകൾ ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യാനുസരണം തുക ചെലവഴിക്കുന്നതാണ്. |
| (സി) | ജില്ലാ ഇറിഗേഷൻ പ്ലാനും സംസ്ഥാന ഇറിഗേഷൻ പ്ലാനും കൃത്യമായി കേന്ദ്ര സർക്കാരിന് എന്ന് സമർപ്പിക്കുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | സി) | 9 ജില്ലകൾ ജില്ലാതല ഇറിഗേഷൻ പ്ലാനുകൾക്ക് അന്തിമ രൂപം നൽകുകയും കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകൾ മാർച്ച് രണ്ടാം വാരത്തോടുകൂടി അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ 14 ജില്ലകളും ജില്ലാതല ഇറിഗേഷൻ പ്ലാൻ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ടി പ്ലാനുകൾ എസ്.എൽ.എസ്.സി അംഗീകരിക്കുകയും ചെയ്യുന്ന മുറയ്ക്ക് സംസ്ഥാന ഇറിഗേഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്. ഇതിനായി മന്ത്രി തലത്തിൽ യോഗങ്ങൾ ചേർന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ